***SUPPLYCO***
Kerala State Civil Supplies Corporation Ltd.
Maveli Bhavan, Gandhi Nagar, Kochi -682020.
Ph:0484- 2207925, 0484 2207927.

No. M2-23814/20 Dated:09/09/2020

## നോട്ടീസ്

പല വ്യഞ്ജനങ്ങൾ/ പഞ്ചസാര/മറ്റ് അവശ്യ സാധനങ്ങൾ എന്നിവയുടെ ശേഖരണം/പാക്കിംഗ് സൗകര്യം ഒരുക്കുന്നതിന് വിവിധ താലൂക്കുകളിൽ സൗകര്യപ്രദമായ ഗോഡൗണുകൾ താൽക്കാലികമായി ലഭ്യമാക്കുന്നതിനു താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും /വ്യക്തികളിൽ നിന്നും/ സഹകരണ സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. ആവശ്യമായ വിസ്തീർണ്ണം കുറഞ്ഞത് 7000 ച.അടിയോ അതിനു മുകളിലോ ആയിരിക്കണം. പ്രസ്തുത സ്ഥലം, അടച്ചുറപ്പുള്ളതും പാക്കിംഗ് സാധനങ്ങൾ ശേഖരിക്കുന്നതിനും, പായ്ക്ക് ചെയ്യുന്നതിനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും സൗകര്യപ്രദമായിരിക്കണം. ആയത് സുഗമമായ ഗതാഗത സൗകര്യമുള്ള റോഡിന്റെ വശത്തായിരിക്കണം. കൂടുതൽ വിവരങ്ങൾ ബന്ധപ്പെട്ട സപ്ലൈകോ മേഖല / ഡിപ്പോ / ഹെഡ് ഓഫീസിൽ നിന്ന്/സപ്ലൈകോ വെബ് സൈറ്റിൽ നിന്ന് ലഭ്യമാണ്.

അവസാന തീയതി : **23/09/2020 4.00 മണിക്ക്**

താൽപ്പര്യമുള്ള അപേക്ഷകർ ഇതോടൊപ്പമുള്ള അപേക്ഷ (3.1, 3.2 എന്നിവ) അതാത് മേഖലാ ഓഫീസിൽ നൽകേണ്ടതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

**ജില്ലകളുടെയും മേഖലാ ഓഫീസിന്റെ വിവരങ്ങളും ചുവടെ ചേർക്കുന്നു**

| ജില്ല | മേഖല | അന്വേഷണങ്ങൾക്ക് |
|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം | Land: 0471-2317223, 2315023 |
| കൊല്ലം | | Mob: 9447990173,174 |
| പത്തനംതിട്ട | കോട്ടയം | Land: 0481-2566683,2567202 |
| കോട്ടയം | | Mob: 9446051117 |
| ഇടുക്കി | | |
| ആലപ്പുഴ | എറണാകുളം | Land: 0484-2203969,2206797 |
| എറണാകുളം | | Mob: 9496001216 |
| തൃശൂർ | പാലക്കാട് | Land: 0491-2535683,2533885 |
| പാലക്കാട് | | Mob: 9447975219 |
| മലപ്പുറം | | |
| കോഴിക്കോട് | കോഴിക്കോട് | Land: 0495-2702218,2702268 |
| കണ്ണൂർ | | Mob: 9447990102 |
| വയനാട് | | |
| കാസർഗോഡ് | | |

## 1. ഗോഡൗണിന്റെ ആവശ്യകതകൾ

1. ഗോഡൗണിന്റെ വിസ്തീർണ്ണം കുറഞ്ഞത് 7000 ച.അടിയോ അതിൽ കൂടുതലോ ആകാം.
2. ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയവ ഉണ്ടായിരിക്കണം. സപ്ലൈകോ ഉപയോഗിക്കുന്ന കാലത്തുള്ള ടി ചാർജ്ജുകൾ സപ്ലൈകോ വഹിക്കുന്നതായിരിക്കും.
3. ഗോഡൗൺ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് ആവശ്യമായ പാർക്കിംഗ്/ഗതാഗത സൗകര്യം ഉണ്ടായിരിക്കണം.
4. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം നിരപ്പായതും റോഡ് നിരപ്പിൽ നിന്നും അധികം ഉയരത്തിലോ താഴ്ചയിലോ ആകാൻപാടില്ലാത്തതുമാണ്.
5. സ്ഥലം, വെള്ളം കെട്ടികിടക്കുന്നതോ വെള്ളപ്പൊക്കമുണ്ടാകുന്നതോ ആയ പ്രദേശത്ത് ആയിരിക്കരുത്.
6. ഗോഡൗൺ/ കെട്ടിടത്തിന്റെ വശങ്ങളിൽകൂടി ലോറികൾ അനായാസം കടന്നു പോകുന്നതിനുള്ള സ്ഥല സൗകര്യം ഉള്ളതുമായിരിക്കണം.
7. സ്റ്റോക്ക് തൂക്കി നോക്കാനായി ആവശ്യമായ വെയിംഗ് ബാലൻസുകൾ ഉള്ളവർക്കും പാക്കിംഗ് മെഷീനുകൾ ഉള്ളവർക്കും മുൻഗണന.

### ഗോഡൗണിന് വേണ്ട മറ്റ് സൗകര്യങ്ങൾ.

1. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ സ്ഥലം.
2. ജീവനക്കാർക്കുള്ള ശുചി മുറി.
3. വെള്ളവും വൈദ്യുതിയും.
4. 4 മാസത്തേക്കുള്ള ഹ്രസ്വകാല കരാർ

## 2. താൽപ്പര്യപത്രം സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ.

### 2.1 അപേക്ഷ ഫോറം.

അപേക്ഷ ഫോറം സപ്ലൈകോയുടെ വെബ്സൈറ്റ് ആയ www.supplycokerala.com ൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

### 2.2 നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള ചെലവുകൾ.

താൽപ്പര്യപത്രം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൂടികാഴ്ചകൾ, നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സപ്ലൈകോയിൽ നിന്നും അധികമായി ആവശ്യമായി വരുന്ന വിവരങ്ങൾക്കുള്ള ചിലവുകൾ തുടങ്ങിയവ നിർദ്ദേശകൻ തന്നെ വഹിക്കേണ്ടതാണ്.

താൽപ്പര്യപത്രം സമർപ്പിച്ചു എന്നതിനാൽ സപ്ലൈകോയ്ക്കോ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിനോ നിർദ്ദേശകന് കരാർ നൽകേണ്ടതോ ചർച്ചയ്ക്ക് വയ്ക്കേണ്ടതോ ആയ ബാദ്ധ്യതകൾ ഒന്നും ഇല്ല. താൽപ്പര്യ പത്രം സമർപ്പിക്കുന്നതിന് ചെലവായ തുക തിരിച്ച് കിട്ടുന്നതല്ല. ഇതിനായി സമർപ്പിച്ച രേഖകൾ എല്ലാം സപ്ലൈകോയുടെതായിരിക്കുകയും തിരിച്ച് നൽകുന്നതിനുള്ള വിവേചനാധികാരം സപ്ലൈകോയിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യും.

### 2.3 വൈകി ലഭിക്കുന്ന താൽപ്പര്യപത്രം.

വൈകി ലഭിക്കുന്ന താൽപ്പര്യപത്രം സ്വീകരിക്കുന്നതല്ല.

ടെലക്സ് / ടെലഗ്രാം / ഫാക്സ് / ഇ- മെയിൽ തുടങ്ങിയവ മുഖേന നൽകുന്ന താൽപ്പര്യപത്രം പരിഗണിക്കുകയോ ഇതിന്മേൽ യാതാരുവിധ കത്തിടപാടുകളും നടത്തുകയും ചെയ്യുന്നതല്ല.

സപ്ലൈകോ തപാൽ വൈകിയതിലോ ലഭിക്കാത്തതിലോ ഉത്തരവാദിയായിരിക്കുകയോ ഇക്കാര്യത്തിൽ കത്തിടപാടുകൾ നടത്തുകയോ ചെയ്യുന്നതല്ല.

അടിയന്തിര സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിബന്ധനകൾ പരിഷ്കരിക്കുന്നതിനോ തിരുത്തുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം സപ്ലൈകോയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

### 2.4 താൽപ്പര്യപത്രം സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതിന് സപ്ലൈകോയ്ക്ക് ഉള്ള അധികാരം.

പ്രത്യേക സാഹചര്യത്തിൽ സപ്ലൈകോയ്ക്ക് അതിന്റെ വിവേചനാധികാരം ഉപയോഗിച്ച് താൽപ്പര്യ പത്രം സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയത് നിർദ്ദേശകനെ ശുദ്ധി പത്രം (കൊറിജണ്ടം) മുഖേനയോ നേരിട്ടോ അറിയിക്കുന്നതായിരിക്കും.

### 2.5 സപ്ലൈകോയ്ക്ക് ഈ പദ്ധതി നിർത്താലാക്കുന്നതിനുള്ള അധികാരം.

ഈ പദ്ധതി ഏതു സമയത്തും എന്ത് കാരണം കൊണ്ടും നിർത്തലാക്കുന്നതിനുള്ള അധികാരം സപ്ലൈകോയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

**2.6 താൽപ്പര്യ പത്രം സമർപ്പിക്കുന്നത്.**

താഴെ പറയുന്ന രേഖകൾ താൽപ്പര്യ പത്രം സമർപ്പിക്കുന്നതിനൊപ്പം വേണ്ടതാകുന്നു.

1. താൽപ്പര്യ പത്രം അടങ്ങിയ കത്ത്.
2. നിർദ്ദേശകന്റെ രൂപ രേഖ(പ്രൊഫൈൽ)
3. വസ്തു വകകളുടെ വിശദാംശങ്ങൾ

**3. അനുബന്ധം.**

**3.1 താൽപ്പര്യപത്രം അടങ്ങിയ കത്ത്**

സ്വീകർത്താവ്,

മേഖലാ മാനേജർ,
തിരുവനന്തപുരം/കോട്ടയം/എറണാകുളം/
പാലക്കാട്/കോഴിക്കോട്.

സർ,

വിഷയം: സപ്ലൈകോ – മാർക്കറ്റിംഗ് – പാക്കിംഗ് കേന്ദ്രങ്ങൾക്കുള്ള – താൽപര്യപത്രം സമർപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന: 11/09/2020-)ം തിയ്യതിയിലെ M2-23814/2020 പ്രകാരം താൽപര്യപത്രം ക്ഷണിച്ചത് - സംബന്ധിച്ച്.

-----------

താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ സപ്ലൈകോയുടെ സൗജന്യകിറ്റുകൾ തയ്യാറാക്കുന്നതിനാവശ്യമായ ഗോഡൗൺ/കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള താൽപ്പര്യ പത്രം സമർപ്പിക്കുന്നു. മേൽ നൽകിയിരിക്കുന്ന എല്ലാ വിവരങ്ങളും പ്രസ്താവനകളും ശരിയാണെന്നും തെറ്റായ വിവരങ്ങൾ നൽകുന്നത് ഞങ്ങളെ അയോഗ്യരാക്കുമെന്നും ബോധ്യപ്പെട്ടിരിക്കുന്നു.

ഞങ്ങൾ പാപ്പരല്ലെന്നും ഞങ്ങളുടെ വ്യവസായം റിസീവർ ഭരണത്തിലോ, കോടതി ഇടപെടലിലോ, സസ്പെന്റ് ചെയ്യപ്പെട്ടതോ അല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഈ താൽപ്പര്യ പത്രം സ്വീകരിക്കുവാൻ സപ്ലൈകോ ബാധ്യസ്ഥരല്ലെന്ന കാര്യം ഞങ്ങൾക്കറിയാവുന്നതാണ്.

വിശ്വസ്തതയോടെ,
ഒപ്പ് :
പേര് :
വിലാസം:

**സ്ഥലം :**
**തിയ്യതി :**

## 3.2 നിർദ്ദേശകന്റെ രൂപരേഖ(പ്രൊഫൈൽ)

**വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര്** :
(തിരിച്ചറിയലിന്റെയും വിലാസത്തിന്റെയും
തെളിവ് ഉള്ളടക്കം ചെയ്യുക)

**വിലാസം** :

**ടെലിഫോൺ നമ്പർ** 1 :
2 :

**ഇ–മെയിൽ** 1 :
2 :

**കത്തിടപാടിനുള്ള വിലാസം** :
(മേലെയുള്ള വിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ
വിലാസത്തിന്റെ തെളിവ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

നോട്ട് : 1) ഒന്നിൽ കൂടുതൽ വ്യക്തികൾ ആണ് ഉടമകളെങ്കിൽ രൂപരേഖ സമർപ്പിക്കാൻ ചുമതലപ്പെടുത്തിക്കൊണ്ടുള്ള മറ്റ് ഉടമകളുടെ സമ്മതപത്രം.

2) ഗോഡൗൺ സ്ഥാപനം/ട്രസ്റ്റ് എന്നിവയുടെ ഉടമസ്ഥതയിലാണെങ്കിൽ താൽപര്യപത്രം സമർപ്പിക്കുവാൻ അപേക്ഷകനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള സ്ഥാപന/ട്രസ്റ്റിന്റെ സാക്ഷ്യപത്രം.

## 3.3 <u>വസ്തു വകകളുടെ വിശദാംശങ്ങൾ.</u>

### A <u>ഗോഡൗൺ ഉടമകൾ</u>

വീട്ടു നമ്പർ :
വില്ലേജ് :
താലൂക്ക് :
ജില്ല :
ഗോഡൗണിന്റെ വിസ്തീർണ്ണം (ച.അടിയിൽ) :
പ്രതീക്ഷിക്കുന്ന വാടക (ച.അടിക്ക്) :

ഉള്ളടക്കം ചെയ്യേണ്ട രേഖകൾ :

a. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ –ൽ നിന്ന്)

b. കൈവശാവകാശ സർട്ടിഫിക്കറ്റ്

c. ഈ കെട്ടിടം 1ൽ ഉള്ള നിർദ്ദേശങ്ങളനുസരിച്ച് തൃപ്തികരമാണ് എന്ന സത്യവാങ്മൂലം.

3.4 താൽപര്യപത്രം പരിഗണിക്കുന്നത് സംബന്ധിച്ച് കെട്ടിടയുടമ സമർപ്പിക്കുന്ന താൽപര്യപത്രവും രേഖകളും പരിശോധിച്ച് ടി കെട്ടിടം/സ്ഥലത്തിന്റെ സ്ഥാനം, സപ്ലൈകോ ആവശ്യപ്പെടുന്ന വാടക, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ കണക്കിലെടുത്ത് താൽപര്യപത്രം സ്വീകരിക്കുവാനോ, നിരസിക്കാനോ സപ്ലൈകോയ്ക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്. പ്രാഥമിക/അന്തിമ റൗണ്ടിൽ തെരഞ്ഞെടുക്കപ്പെട്ട താൽപര്യപത്രം നൽകിയിട്ടുള്ള വ്യക്തികളുടെ/സ്ഥാപനങ്ങളുടെ വിവരങ്ങൾ സപ്ലൈകോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും, ഇ–മെയിൽ മുഖേന വ്യക്തികളെ അറിയിക്കുന്നതുമായിരിക്കും.

| | |
|---|---|
| തീയതി : | ഒപ്പ് |
| സ്ഥലം : | പേര് |
| | വിലാസം |